


# സ്പന്ദനം

e -പത്രം

# GUPS PANAMKUTTICHIRA OLLUR

# 2019-20

പനംകുറ്റിച്ചിറ സ്കൂളിലെ പ്രധാന വാർത്തകൾ ഉൾപ്പെടുത്തി എല്ലാ മാസവും **സ്പന്ദനം** എന്ന പേരിൽ ഒരു e- പത്രം പുറത്തിറക്കുവാൻ തീരുമാനിച്ച വിവരം സന്തോഷത്തോടെ അറിയിക്കട്ടെ. ഇവിടെ നടക്കുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ പൊതുജനങ്ങളുമായി പങ്കു വെയ്ക്കുകയാണ് ഈ പത്രം തയ്യാറാക്കുന്നതിന്റെ ലക്ഷ്യം. എല്ലാ നല്ലവരായ അഭ്യുദയകാംക്ഷികളുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഇതൊരു ഇ- പത്രം ആയതിനാൽ കഴിയുന്ന വിധത്തിൽ മറ്റുള്ളവരുമായി വാട്സപ്പിലൂടെയും മറ്റു സാമൂഹ്യ മാധ്യമങ്ങളിലൂടെയും പങ്കു വയ്ക്കുവാൻ എല്ലാവരും ശ്രമിക്കണമെന്ന് അഭ്യർഥിക്കുന്നു .



ശ്രീ .സുഗീഷ് എൻ. എസ്
പി ടി എ പ്രസിഡന്റ്



ശ്രീമതി .ലീന സി .ടി
ഹെഡ്മിസ്ട്രസ്

# ആമുഖം

വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെ വിദ്യാലയ വിശേഷങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കുവാൻ പറ്റിയ നൂതനവും ചെലവ് കുറഞ്ഞതുമായ ഒരു മാർഗ്ഗമാണ് ഇ -ന്യൂസ് പേപ്പർ. ഓരോ അധ്യയന വർഷവും വിദ്യാലയത്തിൽ നടക്കുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളും ദിനാചരണങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുവാൻ പറ്റിയ മാർഗ്ഗവും കൂടിയാണിത് .

എല്ലാ മാസവും മുടങ്ങാതെ പ്രസിദ്ധീകരിക്കണം എന്നാണ് ആഗ്രഹം . ആദ്യ ലക്കം ആയതിനാൽ അപാകതകളും പോരായ്മകളും ഉണ്ടാകും . അവ പരിഹരിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നല്ലവരായ ഓരോരുത്തരുടെയും ഉപദേശ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.

ഈ കൊച്ചു സംരംഭത്തെ പ്രോത്സാഹിപ്പിച്ചവർക്കും സഹായിച്ചവർക്കുമായി കൃതജ്ഞത രേഖപ്പെടുത്തുവാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. ഏവരുടെയും അനുഗ്രഹാശിസ്സുകൾ അഭ്യർത്ഥിച്ചുകൊള്ളുന്നു .

സ്നേഹപൂർവ്വം<br>ഹസിൻ ജോസഫ്<br>എഡിറ്റർ

**ലക്കം 1** **ആഗസ്റ്റ് 2019**

**വൈവിധ്യമേറിയ, പുതുമയുള്ള വാർത്തകളുമായി ഞങ്ങൾ തുടങ്ങട്ടെ....**

## പുതിയ സ്കൂൾ കെട്ടിടം ഉദ്ഘാടനം






**തൃശ്ശൂർ കോർപറേഷൻ നിർമ്മിച്ച നൽകിയ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മം 2019 ജൂൺ 15 ന ബഹു. വിദ്യാഭ്യാസമന്ത്രി പ്രൊഫ.സി രവീന്ദ്രനാഥ് നിർവ്വഹിച്ചു. കുട്ടികൾ, പി ടി എ അംഗങ്ങൾ,പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ പിന്നെ നല്ലവരായ നാട്ടുകാരും അഭ്യുദയ കാംക്ഷികളും ചടങ്ങിന് മാറ്റ് കൂട്ടി.പുതിയ സ്കൂൾ കെട്ടിടം ലഭിച്ചതിന്റെ ആഹ്ലാദം ചടങ്ങിന് എത്തിയ എല്ലാവരിലും ദർശിക്കാനായി.**

# അവധിക്കാല ദ്വിദിന ക്യാമ്പ്







2019 -20 അധ്യയന വർഷത്തിലേക്ക് കാലെടുത്തു വയ്ക്കുന്നതിന്റെ മുന്നോടിയായി മെയ് 2,3 തീയതികളിൽ കൺസ്യൂമർ ക്ലബ്ബിന്റെ നേതൃത്വത്തിൽ പേപ്പർ പേന നിർമ്മാണ പരിശീലനം നടന്നു. പ്രധാനാധ്യാപിക ശ്രീമതി. ലീന സി .ടി ,പി ടി എ എക്സിക്യൂട്ടീവ് അംഗം ശ്രീമതി .സരിത സത്യൻ എന്നിവർ ഉദ്ഘാടന വേളയിൽ സന്നിഹിതരായിരുന്നു. 1 മുതൽ 7 വരെയുള്ള കുട്ടികളും അമ്മമാരും ക്യാമ്പിൽ പങ്കെടുത്തു. ഏകദേശം 30 പേരടങ്ങുന്ന ഗ്രൂപ്പിനായിരുന്നു പരിശീലനം നൽകിയത്. സ്കൂളിലെ അധ്യാപികയായ ശ്രീമതി.ജ്യോതി സി .വി ആയിരുന്നു പരിശീലനത്തിന് നേതൃത്വം നൽകിയത്. 2 ദിവസത്തെ പരിശീലനത്തിൽ 200 ഓളം പേനകൾ ഉണ്ടാക്കി. പ്ലാസ്റ്റിക് ഉപയോഗം കുറക്കുക എന്ന ആശയവുമായാണ് പദ്ധതിക്ക് തുടക്കമിട്ടത്. കൂടാതെ കടലാസ് പൂക്കൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനവും നടന്നു.കുട്ടികൾക്കും അമ്മമാർക്കും ഏറെ ഉപകരിക്കുന്ന ഒന്നായിരുന്നു രണ്ടു ദിവസത്തെ പരിശീലനം.

## പേപ്പർ പേന വിതരണം (കൺസ്യൂമർ ക്ലബ്)




കൺസ്യൂമർ ക്ലബ്ബിന്റെ നേതൃത്വത്തിൽ അവധിക്കാല ദ്വിദിന ക്യാമ്പിൽഉണ്ടാക്കിയ പേപ്പർ പേനകൾ ബഹു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ.സി രവീന്ദ്രനാഥ്, കൗൺസിലർ ശ്രീ .സി.പി.പോളിക്ക് നൽകി വിതരണോദ്ഘാടനം നിർവ്വഹിക്കുന്നു.

## പ്രവേശനോത്സവം 2019

ജൂൺ 6 ന നമ്മുടെ സ്കൂൾ അങ്കണത്തിൽ ഒരു ഉത്സവമേളം ആയിരുന്നു.പല വർണങ്ങൾ വാരിയെറിഞ്ഞപോലെ പുത്തനുടുപ്പുകളിട്ട പൂമ്പാറ്റകളെപ്പോലെ ഇവിടെയെത്തിയ കുഞ്ഞോമനകൾ പാറി നടക്കുന്നു. 9.30 ഓടെ പ്രവേശനോത്സവ പരിപാടികൾക്ക് തുടക്കം കുറിച്ചു വിശിഷ്ട



പുതിയതായി സ്കൂളിൽ എത്തിയ കുഞ്ഞുമക്കൾ കിരീടം അണിഞ്ഞു നിരന്നപ്പോൾ

അതിഥി ആയി എത്തിയത് സ്ഥലം കൗൺസിലർ ശ്രീ .സി. പി പോളിയും പിന്നെ നമ്മുടെ കുഞ്ഞു മക്കളും ആയിരുന്നു. കൂടാതെ നഴ്സറി മുതലുള്ള എല്ലാ കുട്ടികൾക്കും തൃശ്ശൂരുള്ള JCI ക്ലബ് ബാഗുകൾ വിതരണം ചെയ്തു. വിൻസൺ എടക്കുന്നി കുട്ടികൾക്കാവശ്യമായ ബുക്കുകളും മണപ്പുറം ഫിനാൻസ് പഠനോപകരണങ്ങളും വിതരണം ചെയ്തു .







പ്രവേശനോത്സവ ദിനത്തിൽ പ്രധാനാധ്യാപിക സി. ടി ലീന സംസാരിക്കുന്നു







മണപ്പുറം ഫിനാൻസ് പ്രതിനിധികൾ
കുട്ടികൾക്കായി പഠനോപകരണ
കിറ്റ് വിതരണം ചെയ്യുന്നു.

JCI ക്ലബ് തൃശ്ശൂർ
എല്ലാ കുട്ടികൾക്കും
ബാഗ് വിതരണം ചെയ്തപ്പോൾ

# സ്കൂളിലെ നന്മ മരം പൂത്തപ്പോൾ

പ്രവേശനോത്സവത്തോടനുബന്ധിച്ച ഓരോ കുട്ടിയും അവരുടെ പേരുകൾ എഴുതിയ ഫ്രൂട്ട് സ്ലിപ്പ് മരത്തിൽ പതിക്കുന്നു.



















സ്കൂളിലെ അധ്യാപികയായ ശ്രീമതി. ബിന്ദു ടി.എ യുടെ നേതൃത്വത്തിലായിരുന്നു സ്കൂളിൽ തയ്യാറാക്കിയ നന്മ മരത്തിനു പുതു ജീവൻ വീണത് . സ്കൂളിൽ പുതുതായി എത്തിയ എല്ലാ കുട്ടികളും അവരവരുടെ പേരുകൾ എഴുതിയ സ്ലിപ്പ് , മരത്തിൽ പതിക്കുകയുണ്ടായി . ഏവർക്കും ഒരു പുതിയ അനുഭവമാക്കി തീർക്കുന്നതിന് ഈ പരിപാടി ഉപകരിച്ചു. കിരീടവും പുതിയ പഠനോപകരണങ്ങളും പ്രവേശനോത്സവത്തിൽ തന്നെ ലഭിച്ചപ്പോൾ കുട്ടികൾ ഏറെ ആഹ്ലാദിച്ച ദിനമായി മാറി ഇത്തവണത്തെ പ്രവേശനോത്സവം .

## പ്രവേശനോത്സവത്തിൽ നിന്നും ...





## ജനറൽ ബോഡി യോഗം




| | |
|---|---|
| പ്രധാനാധ്യാപിക ശ്രീമതി സി .ടി ലീന ,പി ടി എ പ്രസിഡന്റ് ശ്രീ .മനോജ് കെ പി ,വൈസ് പ്രസിഡന്റ് ശ്രീ .സുഗീഷ് എൻ .എസ് എന്നിവരുടെ സാന്നിധ്യത്തിൽ ജനറൽ ബോഡി യോഗത്തിൽ കൗൺസിലർ ശ്രീ .സി .പി പോളി പ്രസംഗിക്കുന്നു | 2019-20 അധ്യയന വർഷത്തെ പി ടി എ പ്രസിഡന്റ് ആയി നിയമിതനായ ശ്രീ .സുഗീഷ് എൻ .എസ് യോഗത്തിൽ പ്രസംഗിക്കുന്നു. |

**10-07-2019 ന നടന്ന പി ടി എ ജനറൽ ബോഡി യോഗത്തിൽ ഒട്ടുമിക്ക രക്ഷിതാക്കളും സന്നിഹിതരായിരുന്നു. ഒന്നാം ക്ലാസ്സിലെ ആനന്ദ് സാഗറിന്റെ അച്ഛനും, മുൻ പി ടി എ വൈസ് പ്രസിഡന്റും ആയിരുന്ന ശ്രീ.സുഗീഷ് എൻ .എസ് നെയാണ് ഈ വർഷം പി ടി എ പ്രസിഡന്റ് ആയി തെരഞ്ഞെടുത്തത് . എം പി ടി എ പ്രസിഡന്റ് ആയി കഴിഞ്ഞ വർഷം ഇതേ ചുമതല വഹിച്ചിരുന്ന ശ്രീമതി കെ ആർ. ജിൻഷയെ പൊതുയോഗം തെരഞ്ഞെടുത്തു . പി ടി എ പ്രതിനിധികളായി ശ്രീ.ജോസി മുരിങ്ങാത്തേരി(വൈസ്പ്രസിഡന്റ്) ശ്രീ.മനോജ്കെ.പി ,ശ്രീ.അനിൽകുമാർ, ,ശ്രീ.ഔസെഫ് കെ .കെ ,ശ്രീമതി സരിത സത്യൻ,ശ്രീമതി ജിൻഷാ കെ . ആർ ,ശ്രീമതി ജെസ്സി എം. ജെ ,ശ്രീമതി പ്രമീള തിലകൻ,ശ്രീമതി .ഷീബ ജോജി എന്നിവരെ തെരഞ്ഞെടുത്തു .**

# കൃഷി

**2019 -20 അധ്യയന വർഷത്തെ കൃഷിക്കു തുടക്കംകുറിച്ചുകൊണ്ട് കുട്ടികളുടെ അമ്മമാർ സ്കൂൾഅങ്കണത്തിൽ ഒത്തുകൂടി . ഒല്ലൂർ കൃഷി ഓഫീസിലെ അസിസ്റ്റന്റ് അഗ്രിക്കൾച്ചറൽ ഓഫീസർ ശ്രീ. ഷിജു വി .കെ കൃഷി കൂട്ടായ്മക്ക് സാക്ഷ്യം വഹിച്ചു . സ്കൂളിൽ തുടങ്ങിവച്ച കൃഷിക്ക് കുട്ടികളും അമ്മമാരും ഒരുകൈസഹായം തരുന്നതിനു ഏറെ ഉത്സാഹംകാണിച്ചിരുന്നു .അധ്യാപികയായ ശ്രീമതി . സിന്ധു പി .ഡി , വിവിധ സ്ഥലങ്ങളിൽ നിന്നുംശേഖരിച്ചതും വാങ്ങിയതുമായ നടീൽ വസ്തുക്കളായിരുന്നു കൃഷിയിടത്തിൽ നട്ടത് . ചെടികളെ സംരക്ഷിക്കുന്നതിനായി സ്കൂളിൽ കുട്ടികളുടെ വിവിധ ഗ്രൂപ്പുകൾക്കും രൂപം നൽകി.**



സ്കൂളിൽ കൃഷി ഇറക്കുന്നതിന്റെ ഭാഗമായി

പ്രധാനാധ്യാപിക സി .ടി  ലീന ,എം പി ടി എ പ്രസിഡന്റ് ജിൻഷ കെ .ആർ

എന്നിവർ തൈകൾ നടുന്നു.



കൃഷിയിറക്കുന്നതിന്റെ ഭാഗമായി

ഒല്ലൂർ കൃഷിഭവനിലെ

അസിസ്റ്റന്റ് അഗ്രിക്കൾച്ചറൽ ഓഫീസർ

ശ്രീ വി .കെ ഷിജ്ജ തൈകൾ  നടുന്നു




കൃഷി ഭവനിൽ നിന്നും ലഭിച്ച തൈകൾ

കുട്ടികൾക്ക്

വിതരണം ചെയ്യുന്നു.




**കൃഷിയിടത്തിൽ**




കൃഷി ക്ലബ് കൺവീനർ

ശ്രീമതി സിന്ധു പി .ഡി (അധ്യാപിക )

ഈ വർഷത്തെ പദ്ധതി വിശദീകരിക്കുന്നു.

# ചാന്ദ്രദിനം

ചാന്ദ്രദിനത്തോടനുബന്ധിച്ച സ്കൂൾ അസംബ്ലിയിൽ , യു പി വിഭാഗങ്ങളിൽ നിന്നും തയ്യാറാക്കിയ 'മാനത്തേക്കൊരു കിളി വാതിൽ'എന്ന പതിപ്പ് , പ്രധാനാധ്യാപികയായ ശ്രീമതി . സി. ടി ലീന പ്രകാശനം ചെയ്തു .അധ്യാപികയായ ശ്രീമതി . രേണുദാസ് എം .ആർ ആണ് പതിപ്പ് നിർമ്മാണത്തിന് നേതൃത്വം നൽകിയത്. എല്ലാ കുട്ടികളും വളരെ സജീവമായാണ് പതിപ്പ് നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നത് . കൂടാതെ എൽ പി വിഭാഗത്തിൽ നിന്നും തയ്യാറാക്കിയ ചുമർ പത്രികയുടെ പ്രകാശന കർമ്മവും പ്രധാനാധ്യാപിക, തദവസരത്തിൽ നിർവ്വഹിക്കുകയുണ്ടായി. നാലാം ക്ലാസ്സിലെ "മാനത്തേക്ക്" എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട തയ്യാറാക്കിയ പത്രികയായിരുന്നു അത്. രചന ടീച്ചർ ആയിരുന്നു ചുമർ പത്രിക നിർമ്മാണത്തിന് നേതൃത്വം കൊടുത്തത് .കൂടാതെ ചന്ദ്രനെ തേടി ,സുവർണ ചന്ദ്രിക ,ചന്ദ്രയാൻ എന്നീ വീഡിയോകളുടെ പ്രദർശനവും നടന്നു.




ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് നടത്തിയ ക്വിസിൽ UP വിഭാഗത്തിൽ നിന്നും ഒന്നാം സ്ഥാനം നേടിയ ദേവിക വി .ഡി യും രണ്ടാം സ്ഥാനം നേടിയ മനീറ ഗാത്തുനും .



L P വിഭാഗത്തിൽ നിന്നും മിഥുന കൃഷ്ണകുമാർ ഒന്നാം സ്ഥാനവും സനജ് രണ്ടാം സ്ഥാനവും നേടി .







ചാന്ദ്രദിനം വീഡിയോ പ്രദർശനം




യു പി വിഭാഗത്തിൽ നിന്നും
തയ്യാറാക്കിയ പതിപ്പുമായി കുട്ടികൾ




എൽ പി വിഭാഗത്തു നിന്നും
തയ്യാറാക്കിയ ചുമർ പത്രിക
അസംബ്ലിയിൽ പ്രദർശിപ്പിക്കുന്നു.

# സഹായ ഹസ്തങ്ങൾ

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി പി.ടി.എ അംഗങ്ങൾ ഏറെ ആവേശത്തോടെയാണ് സ്കൂൾ ഒരുക്കുന്നതിന് സഹകരിച്ചത്. 2018-19 വർഷത്തെ പി .ടി .എ പ്രസിഡന്റ് ആയിരുന്ന ശ്രീ. **മനോജ് കെ പി ,**നഴ്സറി ക്ലാസ്സിലെ ബെഞ്ചുകൾ വെക്കേഷന് തന്നെ പെയിന്റ് അടിച്ചു നൽകി. പി ടി എ എക്സിക്യൂട്ടീവ് അംഗം ശ്രീ. **അനിൽകുമാർ** , ശ്രീ .**മനോജ് കെ. പി** എന്നിവർ **നെഴ്സറി** ക്ലാസ്സിലേക്കുള്ള പായ സ്പോൺസർ ചെയ്തു, ശ്രീമതി .**ജിൻഷ കെ ആർ ,** **ശ്രീ .മനോജ് കെ പി** എന്നിവരുടെ നേതൃത്വത്തിൽ പുതിയ കെട്ടിടത്തിനു

മുൻപിലുള്ള ഗാർഡൻ സെറ്റ്ചെയ്തു തന്നു. പ്രീപ്രൈമറി അധ്യാപികയായ **ബബിത** ടീച്ചറിന്റെയും സ്കൂൾ അറ്റെൻഡന്റ്ആയിരുന്ന **സുമിഷ**യുടെയും സേവനങ്ങൾ ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട് . സ്ഥലം കൗൺസിലർ ശ്രീ .**സി പി പോളി** 10 ചെടിച്ചട്ടികൾ സ്പോൺസർ ചെയ്തു. ശ്രീമതി. **ഷീബ ജോജി** , ശ്രീമതി .**ജെയിൻ** തുടങ്ങിയവർ ചട്ടിയിൽ പെയിന്റ് അടിക്കുന്നതിനും അവയിൽ മണ്ണ് നിറക്കുന്നതിനും ചെടികൾ നടുന്നതിനും നേതൃത്വം നൽകി. വൈസ് പ്രസിഡന്റ് ആയിരുന്ന ശ്രീ .**സുഗീഷ് എൻ .എസ്** ന്റെ നേതൃത്വത്തിൽ എത്തിയ യുവജന സംഘടനാംഗങ്ങൾ സ്കൂൾ പരിസരത്തിന്റെ ശുചീകരണ യജ്ഞത്തിൽ നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്.പുല്ല് പിടിച്ചു കിടന്നിരുന്ന സ്കൂൾ പരിസരം നല്ല രീതിയിൽ വൃത്തിയാക്കി തന്നത് സ്കൂൾ ചുറ്റുവട്ടത്തുള്ള ഈ യുവജനങ്ങൾ ആയിരുന്നു.

**ഏഴാം ക്ലാസ്സിലെ ജിസ്മരിയ ക്ലാസ്സിലേക്ക് ഒരു ക്ലോക്ക് സ്പോൺസർ ചെയ്തു.**





ഗാർഡന്റെ പണിപ്പുരയിൽ

# മെയ് മാസത്തിലൂടെ കടന്നുപോകുമ്പോൾ..







PTA പ്രസിഡന്റ്ശ്രീ മനോജ് കെ .പി
നഴ്സറി ക്ലാസ്സിലെ ബെഞ്ചും
ഡെസ്കും പെയിന്റ് അടിക്കുന്നു .

വൈസ് പ്രസിഡന്റ്
എൻ .എസ് സുഗീഷിന്റെ നേതൃത്വത്തിൽ
യുവജന സംഘടന
സ്കൂൾ പരിസരം വൃത്തിയാക്കുന്നു .

**ഉച്ചയൂണിനു എന്റെ പങ്ക്** സംഭാവന ചെയ്യാൻ സന്നദ്ധരായ രക്ഷിതാക്കളിൽ നിന്നും മറ്റു സ്പോൺസർ മാരിൽ നിന്നും തേങ്ങാ,പപ്പായ, മുരിങ്ങക്കായ തുടങ്ങിയ പ്രാദേശിക വിഭവങ്ങളും പയർ,കുമ്പളങ്ങ,ഉരുളൻ കിഴങ്ങ്,സവാള,ബീറ്റ്റൂട്ട് തുടങ്ങിയ പച്ചക്കറികളും ലഭിച്ചു.ഉച്ചയൂണിന് വിഭവ സമാഹരണ ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണിത്.ഈ പദ്ധതിക്ക് നല്ല പ്രതികരണമാണ് രക്ഷിതാക്കളിൽ നിന്നും ലഭിച്ചത്.ഇത്തരത്തിലുള്ള പ്രതികരണങ്ങളും സഹകരണവും സ്കൂളിന് പ്രത്യാശയും പ്രചോദനവും നൽകുന്നതാണ്.

കുട്ടികൾ കൊണ്ടുവന്ന വിഭവങ്ങൾ
സ്കൂൾ അസ്സംബ്ലിയിൽ കൈമാറുന്നു.






# വിദ്യാലയത്തിലേക്ക് ......




ചൈൽഡ്‌ലൈൻ
പ്രവർത്തക
സ്കൂൾ സന്ദർശിച്ച്
പോസ്റ്ററുകൾ കൈമാറുന്നു.

# ലോക പരിസ്ഥിതി ദിനത്തിൽ




പ്രധാനാധ്യാപിക സി ടി ലീന ചാമ്പ തൈ നടുന്നു.



ലോക പരിസ്ഥിതി ദിനത്തിൽ
പ്ലക്കാർഡ് ഏന്തിയ കുട്ടികൾ



വൃക്ഷ തൈകളുമായി കുട്ടികൾ വീട്ടുകളിലേക്ക്

# വായനാദിനം

വായനാ പക്ഷാചരണത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സ്കൂളിൽ സംഘടിപ്പിച്ചു. കുട്ടികൾക്കായി വായനാ മത്സരം,പ്രസംഗ മത്സരം, കൈയെഴുത്തു മത്സരം എന്നിവ നടത്തി. ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു. വായിച്ച പുസ്തകത്തെ കുറിച്ച് കുറിപ്പുകൾ എഴുതിയവർ ,അവ അസ്സംബ്ലിയിൽ പങ്കുവച്ചു.

ഒല്ലൂർ മേഖലയിലുള്ള ലൈബ്രറിയിലേക്ക് കുട്ടികളെയും കൊണ്ട് ഒരു സന്ദർശനം നടത്തി. പുസ്തകങ്ങൾ സൂക്ഷിച്ചു വയ്ക്കേണ്ട രീതിയും വായനാ കുറിപ്പു എഴുതേണ്ട രീതിയും അവിടത്തെ ലൈബ്രേറിയൻ കുട്ടികൾക്കായി വിവരിച്ചു. അവിടെ വച്ച് ചെറിയ പുസ്തകങ്ങൾ വായിക്കുന്നതിനു നൽകി. അധ്യാപികയായ ശ്രീമതി. എം .ആർ രേണുദാസ് ആണ് സ്കൂളിന് അടുത്തുള്ള ലൈബ്രറി സന്ദർശനത്തിന് നേതൃത്വം നൽകിയത്.

അമ്മ വായനയിൽ ശ്രീമതി.ജെസ്സി എം ജെ (ആൻസ്റ്റൻ) ,ശ്രീമതി.അനിത വിൻസൻ (റാഫേൽ) ,ശ്രീമതി.ഷീബ ജോജി (ജിസ്മരിയ) ,ശ്രീമതി.ജിൻഷ കെ ആർ (ആര്യനന്ദ )തുടങ്ങിയവർ പങ്കെടുത്തു. വ്യത്യസ്ത അവതരണ ശൈലി , ആ പുസ്തകങ്ങൾ വായിക്കുന്നതിനു എല്ലാവർക്കും പ്രചോദനമായി. നമ്മുടെ അമ്മമാർ നല്ലൊരു വായനാക്കാരാണെന്നും അവരെ ഒരു പടി കൂടി വായനയുടെ ലോകത്തേക്ക് കൈ പിടിച്ചു ഉയർത്തേണ്ടത് ആവശ്യമാണെന്നും ഈ വായനാക്കാലം നമ്മെ ഓർമ്മപ്പെടുത്തുകയുണ്ടായി . CEC തലത്തിൽ നടന്ന URC യുടെ അക്ഷരായനം പരിപാടിയിൽ നല്ല അവതരണത്തിലൂടെ അടുത്ത തലത്തിലേക്ക് തെരഞ്ഞെടുത്ത ശ്രീമതി ഷീബ ജോജിക്ക് അനുമോദനങ്ങൾ അർപ്പിക്കുന്നു.





വായനാ പക്ഷാചരണത്തോടനുബന്ധിച്ച് ഒല്ലൂർ ലൈബ്രറി സന്ദർശിച്ചപ്പോൾ

# കളികളിലൂടെ ആരോഗ്യത്തിലേക്ക്




**തൃശ്ശൂർ ജില്ലാ ടെന്നിക്കോയിറ്റ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തവർ, സ്കൂൾ ഒ എസ് എ പ്രസിഡന്റ് അഡ്വ.അജിത് ബാബുവിനൊപ്പം**

**URCതൃശ്ശൂർ ,കോർപറേഷനുമായി സഹകരിച്ച നടത്തി വരുന്ന സെവൻസ് ഫുട്ബോൾ കോച്ചിങ് ക്യാമ്പിൽ പങ്കെടുത്തവർ**

## UP വിഭാഗം






## LP വിഭാഗം

# നമ്മുടെ കുഞ്ഞു മക്കളിലേക്ക്

**ഇവിടെ ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറി വിഭാഗം 2012 മുതൽ പ്രവർത്തിച്ച വരുന്ന വിവരം നിങ്ങളെ അറിയിച്ച കൊള്ളട്ടെ.**

**പ്ലേ ഗ്രൗണ്ടും വിവിധ കളിയുപകരണങ്ങളും ICT പഠനവും ഇവിടത്തെ പ്രത്യേകതകളിൽ ഉൾപ്പെടുന്നവയാണ് . വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നതോടൊപ്പം അധ്യയനം നല്ല രീതിയിൽ മുന്നോട്ട കൊണ്ടുപോകാൻ സഹായകമായ പ്രീ പ്രൈമറി അധ്യാപകരുടെ നിറ സാന്നിധ്യം ഇവിടെയുണ്ട് എന്ന കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ.**

## പ്രീപ്രൈമറി ക്ലാസ്സിലേക്ക്



അമ്മമാരുടെ സഹായത്തോടെ ഉണ്ടാക്കിയ പഠനോപകരണങ്ങളുമായി കുട്ടികൾ



ക്ലാസ്സിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കിടെ കുഞ്ഞുമക്കൾ ഉണ്ടാക്കിയ പതാകകളുമായി

# നന്ദിയുടെ വാടാമലരുകൾ ..

ഈ പത്ര നിർമ്മാണം,ഒരു നേരമ്പോക്കിന് തുടങ്ങി വച്ചതാണെങ്കിലും ഒരു **e** -പേപ്പറിന്റെ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കിയപ്പോൾ അതിന്റെ നിർമ്മാണത്തിൽ ഒട്ടേറെ പ്രാധാന്യം ഉണ്ടെന്നറിഞ്ഞു.

അറിഞ്ഞും അറിയാതെയും പത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ സുമനസ്സുകൾക്കും നന്ദി പറയാൻ ഈ അവസരം ഉപയോഗിക്കുന്നു.

കൂടാതെ ഇങ്ങനെയൊരു പത്രനിർമ്മാണത്തിനു പ്രചോദനമായ കൊടുങ്ങല്ലൂർ ആമണ്ടൂർ ജി .എൽ. പി സ്കൂളിലെ അധ്യാപകനായ ശ്രീ സി. എ ഹാരിസിനും , സാങ്കേതിക സഹായം തന്ന് ഒരു **e**-പത്രം എന്ന നിലയിലേക്ക് ഇതിനെ ഉയർത്തികൊണ്ടു വരാൻ സഹായിച്ച തൃശ്ശൂർ ഐ ടി @ സ്കൂളിലെ ശ്രീ. സി .വിനോദിനും നന്ദി പറയാൻ ഈ അവസരം ഉപയോഗിക്കുന്നു.

വരുന്ന മാസങ്ങളിൽ പുറത്തിറക്കാൻ പോകുന്ന **e**-പത്രനിർമ്മാണത്തിനു എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു . **e** പത്രം എന്ന നിലയിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ ഏറെ പ്രചാരം നൽകുന്നതിന് ഏവരും ശ്രമിക്കണമെന്ന ഓർമ്മപ്പെടുത്തലോടെ ജൂൺ -ജൂലൈ മാസങ്ങളിലെ പ്രവർത്തനങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു.

**VISIT:**

**OUR YOU TUBE CHANNEL:YOU TUBE LINK** നായി ഇവിടെ ക്ലിക്ക് ചെയ്യൂ

**OUR BLOG:**

**gupspanamvisions.blogspot.com** ബ്ലോഗിലേക്ക് പോകുന്നതിനായി ഇവിടെ ക്ലിക്ക് ചെയ്യൂ